## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3195 07-11-2019 -ൽ മറുപടിക്ക്

## പ്രളയ സഹായം ലഭിക്കുന്നതിനുള്ള നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പുരുഷൻ കടലുണ്ടി | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ, കോട്ടൂർ, അവിടനല്ലൂർ, ബാലുശ്ശേരി, പനങ്ങാട് വില്ലേജുകളിലായി എത്ര കുടുംബങ്ങൾക്കാണ് പതിനായിരം രൂപ അടിയന്തര സഹായമായി ലഭിച്ചിട്ടുള്ളത്; | എ) & ബി) | 2019 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ കോഴിക്കോട് ജില്ലയിൽ നടുവണ്ണൂർ, കോട്ടൂർ, അവിടനല്ലൂർ, ബാലുശ്ശേരി, പനങ്ങാട് വില്ലേജുകളിൽ 10,000 രൂപയുടെ അടിയന്തിര സഹായം ലഭിച്ചവരുടെയും ഇനിയും ലഭിക്കാനുള്ളവരുടെയും വിവരം താഴെ ചേർക്കുന്നു. (പട്ടിക താഴെ) |
| ബി) | ഈ വില്ലേജുകളിൽ അപേക്ഷ സമർപ്പിച്ചവരിൽ അർഹരായവർക്ക് ഇനിയും സഹായം ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർക്ക്; വില്ലേജ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; | | |
| സി) | അർഹരായവർക്ക് ആനുകൂല്യം ലഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാമോ? | സി) | പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി വിശദാംശങ്ങൾ ശേഖരിക്കുവാൻ റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരും തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥനും ഐ.ടി വിഭാഗം ഉദ്യോഗസ്ഥനും ചേർന്ന സംഘം നാശനഷ്ടം സംഭവിച്ച അർഹരായവരുടെ വീടുകളിൽ നേരിട്ട് സന്ദർശിച്ച് മൊബൈൽ ആപ്പ് വഴി സർവ്വെ നടത്തി റിപ്പോർട്ട് അടിയന്തിമായി സർക്കാരിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്ന പ്രക്രിയ നടന്നുവരുന്നു. |

| ക്രമ നം | വില്ലേജിന്റെ പേര് | 10,000 രൂപ ലഭിച്ചത് | 10,000 രൂപ ലഭിക്കാൻ ശേഷിക്കുന്നവർ |
|---|---|---|---|
| 1 | നടുവണ്ണൂർ | 124 | 298 |
| 2 | കോട്ടൂർ | 10 | 40 |
| 3 | അവിടനല്ലൂർ | 105 | 188 |
| 4 | ബാലുശ്ശേരി | 26 | 139 |
| 5 | പനങ്ങാട് | 56 | 8 |
| | **ആകെ** | **321** | **673** |

സെക്ഷൻ ഓഫീസർ